"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-02-12-2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - പന്തളം ബ്ലോക്ക് പഞ്ചായത്ത്- അങ്കണവാടി നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ ലഭിച്ചത് അങ്കണവാടി കെട്ടിട നിർമ്മാണത്തിന് നേരിട്ട് വിനിയോഗിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.9/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 03/01/2022

പരാമർശം:- 1. പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.09.2021 ലെ കത്ത്

2. 02-12-2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.34-ാം നമ്പർ തീരുമാനം

ഉത്തരവ്

കുളനട ഗ്രാമപഞ്ചായത്തിൽ ഉളനാട് 15-ാം നമ്പർ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് പന്തളം ബ്ലോക്ക് പഞ്ചായത്ത് 2018-19-ൽ പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. സാമൂഹ്യനീതി വകുപ്പിന്റെ സഹായം കൂടി ഉൾപ്പെടുത്തിയുള്ള പ്രോജക്ടിലെ ബ്ലോക്ക് വിഹിതമായി 5,80,000/- രൂപ PWD ബിൽഡിംഗ് ഡിവിഷനിൽ അടച്ചു. എന്നാൽ അങ്കണവാടി കെട്ടിടം ഇതുവരെ നിർമ്മാണം ആരംഭിച്ചില്ല. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 27.03.2021 ലെ ICDS/A7/1915/2020 ഉത്തരവു പ്രകാരം അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണ ചുമതല PWD ബിൽഡിംഗ് ഡിവിഷൻ ചീഫ് എഞ്ചിനീയറിൽ നിന്നും മാറ്റി എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ P W D ബിൽഡിംഗ് ഡിവിഷൻ ഈ തുക ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിലേക്ക് തിരികെ ട്രാൻസ്ഫർ ചെയ്തു. ഡെപ്പോസിറ്റ് വർക്കിനായി ഒടുക്കിയ തുക വിനിയോഗിക്കാതെ വന്നാൽ ടി തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് അക്കൗണ്ടിലേക്ക് തിരികെ അടയ്ക്കണമെന്ന നിലവിലുള്ള നിർദ്ദേശത്തിന് പകരം മുകളിൽ പറഞ്ഞ അങ്കണവാടി കെട്ടിട നിർമ്മാണത്തിന് നേരിട്ട് വിനിയോഗിക്കാൻ അനുമതി നൽകണമെന്ന ബ്ലോക്ക് പഞ്ചായത്തിന്റെ അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി പരിഗണിക്കുകയും പരാമർശം (2) പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ കുളനട ഗ്രാമപഞ്ചായത്തിൽ ഉളനാട് 15-ാം നമ്പർ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് പന്തളം ബ്ലോക്ക് പഞ്ചായത്ത് 2018-19-ൽ ആവിഷ്കരിച്ച പദ്ധതി പ്രകാരം P W D ബിൽഡിംഗ് ഡിവിഷനിൽ ഡെപ്പോസിറ്റ് ചെയ്തിരുന്ന തുക തിരികെ ലഭിച്ചത് വിനിയോഗിച്ച് മേൽ പറഞ്ഞ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

പ്രസിഡണ്ട്/സെക്രട്ടറി, [redacted] ബ്ലോക്ക് പഞ്ചായത്ത്, പന്തളം

ജില്ലാ പ്ലാനിംഗ് ഓഫീസർ,പത്തനംതിട്ട

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 03-01-2022 14:04:23
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണ,ഗ്രാമവികസനം എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്